## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3099 — 15.12.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോയിലെ തസ്തികകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിൽ വന്ന സപ്ലൈകോ ഔട്ട് ലെറ്റുകൾ എത്ര ; ഇതിന് ആനുപാതികമായി സപ്ലൈകോയിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ എത്രയെന്ന് വിശദമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിൽ വന്ന സപ്ലൈകോ ഔട്ട് ലെറ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. |
| (ബി) കഴിഞ്ഞ 5 വർഷത്തിനിടെ പുതിയതായി നിയമിച്ച അസിസ്റ്റന്റ് സെയിൽസ്മാൻമാർ എത്ര ; അതിൽ എത്ര പേർ ഇപ്പോഴും തുടരുന്നുണ്ട് ; ഒന്നിൽക്കൂടുതൽ ഔട്ട് ലെറ്റുകളുടെ ചാർജ് വഹിക്കുന്ന എത്ര ജീവനക്കാർ ഉണ്ട്; ഇവർക്ക് ചാർജ് അലവൻസ് നൽകിയിട്ടുണ്ടോ ; | (ബി) പുതിയതായി നിയമിച്ച അസിസ്റ്റന്റ് സെയിൽസ്മാൻ മാരുടെ എണ്ണം 2032 ആണ്. ആയതിൽ 960 പേർ ഇപ്പോഴും തുടരുന്നുണ്ട്. ഒന്നിൽക്കൂടുതൽ ഔട്ട് ലെറ്റുകളുടെ ചാർജ് വഹിക്കുന്ന 55 ജീവനക്കാർ ഉണ്ട്; ഇവർക്ക് ചാർജ് അലവൻസ് നൽകുന്നില്ല. |
| (സി) നിലവിൽ സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ കോർപ്പറേഷൻ സ്റ്റാഫിന് പ്രൊമോഷൻ നൽകാനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ ; | (സി) തടസ്സമൊന്നുമില്ല. |
| (ഡി) ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഓപ്ഷൻ നൽകാനുള്ള തീരുമാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (ഡി) പരിശോധിക്കുന്നതാണ്. |
| (ഇ) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കിയോ ; വിശദാംശം വ്യക്തമാക്കുമോ ; | (ഇ) ഇല്ല. കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കുന്നതിനുള്ള കരട് ചട്ടം സപ്ലൈകോ മാനേജിംഗ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. |
| (എഫ്) കോൺട്രിബ്യൂട്ടറി പെൻഷൻ സപ്ലൈകോയിൽ നടപ്പിലാക്കി ത്തുടങ്ങിയോ ; വിശദമാക്കുമോ; | (എഫ്) സപ്ലൈകോ ജീവനക്കാർക്കായി നാഷണൽ പെൻഷൻ സ്കീം (NPS) നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

(ജി) പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് പ്രകാരം പുതുതായി സൃഷ്ടിച്ച തസ്തികകൾ എത്ര ; വ്യക്തമാക്കുമോ; സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച വിഹുകുമാർ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ജി) സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.
സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിനായി സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടില്ല.

Beena

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | വിൽപ്പനശാല | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായ ഔട്ട് ലെറ്റുകളുടെ എണ്ണം |
|---|---|---|
| 1 | മാവേലി സ്റ്റോർ | 129 |
| 2 | സൂപ്പർ മാർക്കറ്റ് | 51 |
| 3 | പീപ്പിൾസ് ബസാർ | 10 |
| 4 | ഹൈപ്പർ മാർക്കറ്റ് | 1 |
| 5 | പ്രീമിയം ഔട്ട് ലെറ്റ് | 1 |
| 6 | മെഡിക്കൽ സ്റ്റോർ | 18 |
| 7 | പെട്രോൾ ബങ്ക് | 4 |
| 8 | മൊബൈൽ മാവേലി സ്റ്റോർ | 12 |

Beena

സെക്ഷൻ ഓഫീസർ

ചെയ്തിട്ടുണ്ട്.

പ്രീപോപ്പുലേറ്റഡ് ഫോറത്തിലൂടെ ലഭ്യമായ വിവരങ്ങൾ ഗുണഭോക്താക്കൾക്ക് കാണുവാൻ ഓൺലൈൻ വഴി അവസരം നൽകിയിരുന്നു. എന്നാൽ ഇതിലൂടെ ലഭ്യമായ പ്രതികരണം കുറവായതിനാൽ ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ കാർഡുടമകളുടെ പരിശോധനയ്ക്കായി അതാത്